'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - സംസ്ഥാനത്ത് സംയോജിത നീർത്തട പരിപാലന പരിപാടിയുടെ (പി.എം.കെ.എസ്.വൈ.) നിർവ്വഹണത്തിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസിസ്റ്റന്റ് എഞ്ചിനീയർമാരുടെ വേതനം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി ഡി) വകുപ്പ്**

**സ.ഉ.(സാധാ) നം.199/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 25/01/2020

---

പരാമർശം:- 1 സ.ഉ.(സാധാ) നം.2258/15/തസ്വഭവ തീയതി 24/07/2015

2 സ.ഉ.(സാധാ) നം.187/2016/തസ്വഭവ തീയതി 03.12.2016

3 ഗ്രാമവികസന കമ്മീഷണറുടെ 01.11.2018 - ലെ 380/എസ്.എൽ.എൻ.എ (1)/2018 നമ്പർ കത്ത്.

## ഉത്തരവ്

സംയോജിത നീർത്തട പരിപാലന പരിപാടിയിൽ (പി.എം.കെ.എസ്.വൈ.) കരാറടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം നിശ്ചയിച്ച് ഉത്തരവായത് പരാമർശം (1) പ്രകാരമാണ്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ശമ്പളം പരാമർശം (2) പ്രകാരം പുതുക്കി നൽകിയിട്ടു സാഹചര്യത്തിൽ, സംയോജിത നീർത്തട പരിപാലന പദ്ധതിയിലെ ജീവനക്കാരുടെ വേതനവും വർദ്ധിപ്പിച്ച് നൽകണമെന്ന് ഗ്രാമവികസന കമ്മീഷണർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. വേതന ഇനത്തിൽ നൽകുന്ന തുക സംയോജിത നീർത്തട പരിപാലന പദ്ധതിയിൽ നിന്നും ചെലവാക്കണം എന്ന നിബന്ധനയോടെ, ഫണ്ട് ലഭ്യത വിലയിരുത്തി ഭരണ ചെലവിന്റെ തുകയുടെ നിശ്ചിത ശതമാനത്തിൽ അധികരിക്കാത്ത വിധത്തിൽ, ഉത്തരവു തീയതി മുതൽ പ്രാബല്യത്തിൽ, കേരളത്തിലെ സംയോജിത നീർത്തട പരിപാലന പരിപാടിയുടെ (പി.എം.കെ.എസ്.വൈ.) നിർവ്വഹണത്തിനായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ഡിഗ്രി യോഗ്യതയുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വേതനം 25,000/- രൂപയും (TA ഉൾപ്പെടെ), ഡിഗ്രി യോഗ്യത ഇല്ലാത്ത അസിസ്റ്റന്റ് എഞ്ചിനീയർമാർക്ക് വേതനം 20,000/- രൂപയും (TA ഉൾപ്പെടെ) ആയി വർദ്ധിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ബിജു കുട്ടൻ.എം.എസ്**

**അഡീഷണൽ സെക്രട്ടറി**

പകർപ്പ് : ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം

ധനകാര്യ വകുപ്പ് (wrt the file no. Dev-1/195/2019-Fin)

വെബ് & ന്യൂ മീഡിയ, ഐ & പി.ആർ.ഡി

ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by NISAM N
Date: 2020.1[illegible] 12:14:48 IST
Reason: Approved

സെക്ഷൻ ഓഫീസർ